കൊലപാതകത്തിൽ ആഹ്ലാദം പ്രകടിപ്പിച്ച് ഫെയ്സ് ബുക്കിൽ പോസ്റ്റിട്ടവർക്കെതിരെ കേസ്

214 (220) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി.പി.ഐ.(എം) പ്രവർത്തകൻ പി. മുരളി കൊലചെയ്യപ്പെട്ട ദിവസം ആഹ്ലാദം പ്രകടിപ്പിച്ച് ഫെയ്സ് ബുക്കിൽ പോസ്റ്റിട്ടതിനെതിരെ പോലീസ് എടുത്ത കേസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) കുറ്റവാളിയെ പോലീസ് അറസ്റ്റ് ചെയ്ത് ചോദ്യം ചെയ്യുകയുണ്ടായോ ; കൊലപാതകത്തിൽ ടിയാന് പങ്കുണ്ടായിരുന്നുവോ ;

(സി) ഗൂഢാലോചനയിൽ ഇദ്ദേഹത്തിനും പങ്കുള്ളതായി പരാതി ഉണ്ടായിരുന്നുവോ ; അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ഡി) ഈ കേസുമായി ബന്ധപ്പെട്ട് അരുൺകുമാർ എന്നയാൾക്കെതിരെ പോലീസ് രജിസ്റ്റർ ചെയ്ത കേസ് എഴുതിത്തള്ളിയതായി അറിയുന്നത് ശരിയാണോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കമ്പളയിലെ സി.പി.ഐ.(എം)പ്രവർത്തകൻ പി. മുരളിയെ കൊലപ്പെടുത്തിയതുമായി ബന്ധപ്പെട്ട് ഫെയ്സ് ബുക്കിൽ ആഹ്ലാദം പ്രകടിപ്പിച്ചുകൊണ്ട് പോസ്റ്റിട്ട എന്നത് സംബന്ധിച്ച് ഡി.വൈ.എഫ്.ഐ. ബ്ലോക്ക് സെക്രട്ടറി ശ്രീ. സി. എ. സുബൈറിന്റെ പരാതിയിൽ കമ്പള പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 561/14 u/s 153 IPC, 66(A)(b) of IT Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ട്. അന്വേഷണത്തിൽ ടി കേസ് Mistake of Facts ആയി കോടതിയിൽ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രതിയെ പോലീസ് അറസ്റ്റ് ചെയ്തിട്ടില്ല. കേസിൽ പ്രതിയായ അരുൺകുമാർ ഫെയ്സ് ബുക്കിൽ പോസ്റ്റ് ചെയ്തത് മുരളി വധത്തിനു മുമ്പായിരുന്നു. ടിയാന്റെ ടെലിഫോൺ വിവരങ്ങളും, ലൊക്കേഷനും പരിശോധിച്ചതിൽ മുരളി വധക്കേസിലെ പ്രതികളുമായോ, കമ്പളയിലെ മറ്റാരെങ്കിലുമായോ ബന്ധപ്പെട്ടതായി വെളിവായിട്ടില്ല.

(സി) പരാതി ഉണ്ടായിരുന്നു. ഇതുസംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ കേസിലെ എഫ്.ഐ.ആറിൽ പരാമർശിച്ചിട്ടുള്ള അരുൺകുമാർ എന്നയാൾക്ക് മുരളിയുടെ കൊലപാതകത്തിൽ പങ്കുള്ളതായി അന്വേഷണത്തിൽ വെളിവായിട്ടില്ല. ടിയാൻ ഫെയ്സ് ബുക്കിൽ പോസ്റ്റ് ചെയ്തത് മുരളി വധത്തിനു മുമ്പായിരുന്നു. ആയതിനാൽ ടിയാനതിരെയുള്ള കേസ് 25-12-2014-ൽ Mistake of Facts ആയി കോടതിയിൽ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

ചന്ദ്രബോസിന്റെ കൊലപാതകം

215 (221) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ശോഭാ സിറ്റിയിലെ സെക്യൂരിറ്റി ജീവനക്കാരനായ ചന്ദ്രബോസിനെ അതിക്രൂരമായി മർദ്ദിച്ച് കൊലപ്പെടുത്തിയതു സംബന്ധിച്ച കേസ്സിലെ പ്രതി മുഹമ്മദ് നിഷാം ഇതിനു മുമ്പ് സംസ്ഥാനത്ത് എത്ര കേസ്സുകളിൽ പ്രതി ചേർക്കപ്പെട്ടിട്ടുണ്ട്;

(ബി) ഇതിൽ എത്ര കേസ്സുകൾ പോലീസിന്റെയും, പ്രോസിക്യൂഷന്റെയും വീഴ്ച കാരണം വിചാരണ ചെയ്യപ്പെടാതെ പോയിട്ടുണ്ട്; ഇതു സംബന്ധിച്ച് ആഭ്യന്തര വകുപ്പ് ഏതെങ്കിലും തരത്തിലുള്ള വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ;

(സി) നിരന്തരം ധാർഷ്ട്യത്തോടെ നിയമ ലംഘനം നടത്തി കേസ്സുകളിൽ പ്രതിയായിട്ടും, പണത്തിന്റെയും ഉന്നത ബന്ധങ്ങളിലെ സ്വാധീനം കൊണ്ടും മുഹമ്മദ് നിഷാം വിചാരണ ചെയ്യപ്പെടാതെയും ശിക്ഷിക്കപ്പെടാതെയും രക്ഷപ്പെടുന്നുവെന്ന അതീവ ഗൗരവകരമായ ആക്ഷേപം ഉയർന്നുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ചന്ദ്രബോസിന്റെ കൊലക്കേസിലെ പ്രതിയായ മുഹമ്മദ് നിഷാം ടി കൊലക്കേസിന് പുറമെ സംസ്ഥാനത്ത് 12 കേസുകളിൽ പ്രതി ചേർക്കപ്പെട്ടിട്ടുണ്ട്.

(ബി) ടിയാനെതിരെയുള്ള കേസുകൾ പോലീസിന്റെയും പ്രോസിക്യൂഷന്റെയും വീഴ്ച കാരണം വിചാരണ ചെയ്യപ്പെടാതെ പോയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി & ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കേസുകളുടെ ഒത്തുതീർപ്പുകളെ സംബന്ധിച്ചുള്ള വാർത്തകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly